## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1148 . 30.09.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ വികസനത്തിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. ടി. വി. ഇബ്രാഹിം
'' മഞ്ഞളാംകുഴി അലി
'' എം.ഉമ്മർ
'' പി.ബി. അബ്ദുൽ റസ്സാക്ക്

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യെ നഷ്ടത്തിൽ നിന്ന് കര കയറ്റാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ സർക്കാർ ഒരു രക്ഷാപാക്കേജ് തയ്യാറാക്കി വരുന്നു. 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റു സ്ഥലങ്ങളിൽ സി.എൻ.ജി ഇന്ധനം ലഭ്യമാകുന്നതോടെ, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഇത്തരം ബസുകൾ നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നടപ്പു വർഷം 50 കോടി രൂപയാണ് ചെലവ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കൊൽക്കത്ത ഐ.ഐ.എം-ലെ പ്രൊഫസർ സുശീൽ ഖന്നയെ കൺസൽട്ടന്റായും നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട് മെന്റിൽ നിന്നും കെ.എസ്.ആർ. ടി.സി യ്ക്ക് കൈമാറിക്കിട്ടിയ ആസ്തികൾക്ക് പ്രതിവർഷം സംസ്ഥാന സർക്കാരിന് വിഹിതം നൽകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിവരം വെളി പ്പെടുത്തുമോ; | (ബി) | സർക്കാരിന് വിഹിതം നൽകേണ്ടതില്ല. |
| (സി) | പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് എന്ന നിലയിൽ സർക്കാരിൽ നിന്നും കെ.എസ്.ആർ.ടി.സി. യ്ക്ക് ധന സഹായം നൽകുന്നുണ്ടോ; ഉണ്ടെ ങ്കിൽ ഇതുവരെ നൽകിയ ധനസഹായത്തിന്റെ വിവരം വ്യക്ത മാക്കുമോ? | (സി) | പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് എന്ന നിലയിൽ സർക്കാരിൽ നിന്നും ധനസഹായം നൽകു ന്നില്ല. എന്നാൽ പ്ലാൻ, നോൺ-പ്ലാൻ, ഇന ങ്ങളിലായി വായ്പ, ഗ്രാന്റ് / സബ്സിഡി എന്നിവ സർക്കാർ സഹായമായി നൽകു ന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ